# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റും പ്രൊവിഷണൽ പൊസിഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നത് സംബന്ധിച്ച് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാവിഭാഗം ഇ.എ.II സെക്ഷൻ**

നം.559/ഇ.എ.II/1/456/2017/പരീക്ഷ തിയതി, പ്രിയദർശിനി ഹിൽസ്, 26.ആഗസ്റ്റ്, 2017

---

പരാമർശം: 08.06.2017 ലെ സി.ബി.സി.എസ്.എസ് IX സെക്ഷന്റെ കുറിപ്പ്.

## ഉത്തരവ്

2016 നവംബറിലെ സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്ററിന്റെ കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റും, 2017 ലെ ആറാം സെമസ്റ്ററിന്റെ പരീക്ഷയിൽ പത്താം സ്ഥാനം വരെ ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റും അസിസ്റ്റന്റ് രജിസ്ട്രാറുടെ ഐ.ഡിയിൽ ലഭ്യമാണെന്നും കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റിനായി അപേക്ഷിക്കുവാനുള്ള അറിയിപ്പ് പത്രക്കുറിപ്പ് മുഖേന നൽകാനും 2017 ലെ ആറാം സെമസ്റ്റർ പരീക്ഷയിൽ 10ാം സ്ഥാനം വരെ ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാക്കാവുന്നതാണെന്നും ആയതിന്റെ അറിയിപ്പ് പത്രക്കുറിപ്പ് മുഖേന അറിയിക്കാവുന്നതാണെന്നും കൂടാതെ ഈ വിവരങ്ങൾ അസിസ്റ്റന്റുമാരുടേയും സെക്ഷൻഓഫീസർമാരുടേയും ഐ.ഡിയിൽ ലഭ്യമാക്കുക വഴി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ സാധിക്കുമെന്ന് മേൽ പരാമർശ പ്രകാരം സി.ബി.സി.എസ്.എസ് IX സെക്ഷൻ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഇത് കണക്കിലെടുത്ത് വൈസ് ചാൻസിലർ, 2016 നവംബറിൽ നടന്ന സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ പരീക്ഷയുടെ കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റിനായി അപേക്ഷിക്കുവാനുള്ള അറിയിപ്പും 2017 ലെ ആറാം സെമസ്റ്റർ പരീക്ഷയിൽ 10ാം സ്ഥാനം വരെ ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ് എന്ന വിവരവും പത്രക്കുറിപ്പ് മുഖേന അറിയിക്കുവാനും കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റിന്റേയും, പരീക്ഷയിൽ 10ാം സ്ഥാനം വരെ ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റും അടങ്ങിയ വിവരങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാറിന്റെ തലത്തിൽ തന്നെ പരിമിതപ്പെടുത്തുവാനും ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**സുരേഷ്കുമാർ.കെ.ആർ**
അസിസ്റ്റൻറ് രജിസ്ട്രാർ XI (പരീക്ഷാവിഭാഗം)
പരീക്ഷാ കൺട്രോളർക്ക് വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസിലർ/പൊ. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. സി.ബി.സി.എസ്.എസ് IX സെക്ഷൻ ഫയൽ സഹിതം (മേൽ നടപടിക്കായി)
4. പരീക്ഷാവിഭാഗത്തിലെ എല്ലാ ജെ.ആർ/ഡി.ആർ/ എ.ആർമാരും/എല്ലാ സി.ബി.സി.എസ്.എസ് സെക്ഷനുകൾ
5. ഐ.ക്യു.എസി/കണ്ടൻറ് മാനേജ്മെൻറ് സെക്ഷനുകൾ/ജെ.ഡി,കെ.എസ്.എ
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ